STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.346/PR/SPMC/PHQ/2025 Date:27.10.2025

# കേരള പോലീസ് അക്കാദമിയിൽ ആരംഭിക്കുന്ന പ്രൊഫഷണൽ ഡോഗ് ട്രെയിനിംഗ് & കെനൈൻ ഫോറൻസിക് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

ശ്വാനപരിശീലനം ശാസ്ത്രീയമായി പഠിക്കുന്നതിന് കാലിക്കറ്റ് സർവ്വകലാശാലയും കേരള പോലീസ് അക്കാദമിയും സംയുക്തമായി ആരം ഭിക്കുന്ന പുതിയ സർട്ടിഫിക്കറ്റ് കോഴ്സിന് ഡിസംബറിൽ തുടക്കമാകും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 2025 ഒക്ടോബർ 31

ഇന്ത്യയിൽ തന്നെ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണിത്. മൂന്ന് മാസം ദൈർഘ്യമുള്ള ഈ സർട്ടിഫിക്കറ്റ് കോഴ്സിൽ Canine History, General Obedience and Behavioural Training, Trade Work, Animal Care and Medical Awareness, Kennel Management എന്നീ വിഷയങ്ങൾ ഉൾപ്പെടുന്നു. സംസ്ഥാന ശ്വാന പരിശീലന കേന്ദ്രത്തിലേയും ഈ മേഖലയിലെ മറ്റ് വിദഗ്ദ്ധരുടേയും നേതൃത്വത്തിൽ അക്കാദമി കേന്ദ്രീകരിച്ച് നടത്തുന്ന ഈ കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് കേരള പോലീസ് അക്കാദമിയും കാലിക്കറ്റ് സർവ്വകലാശാലയും സംയുക്തമായി നൽകുന്ന സർട്ടിഫിക്കറ്റ് ലഭിക്കും. ദേശീയ തൊഴിൽ വിദ്യാഭ്യാസ പരിശീലന കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന രീതിയിലാണ് കോഴ്സിന്റെ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

വിദേശ രാജ്യങ്ങളിലടക്കം മികച്ച ജോലി സാധ്യതയുള്ള കോഴ്സാണിത്. പത്താം ക്ലാസിൽ 50% മാർക്കു നേടി വിജയിച്ചവർക്ക് ഈ കോഴ്സിനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷിക്കുന്നതിന് പ്രായപരിധിയില്ല.

കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ കാലിക്കറ്റ് സർവ്വകലാശാലയുടെ ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ, ഫോറൻസിക് സയൻസ് പഠന വകുപ്പ്, കേരള പോലീസ് അക്കാദമി എന്നീ വെബ് സൈറ്റുകളിൽ ലഭ്യമാണ്.

വിശദവിവരങ്ങൾക്കായി താഴെ കൊടുത്തിട്ടുള്ള ലിങ്ക് പരിശോധിക്കുക.

https://admission.uoc.ac.in/admission?pages=PartTimeCourses

ഫോൺ:98950 86515, 94979 01801, 95392 54721

ഇ-മെയിൽ :forensichod@uoc.ac.in

****************************